പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2463 — 18.07.2011-ൽ മറുപടിയ്ക്ക്

ഡി.ആർ.ഡി.എ. നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. കെ.സി. ജോസഫ് (ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ ഗ്രാമവികസന ഏജൻസി ഡി.ആർ.ഡി.എ. ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ജില്ലാ ഗ്രാമവികസന ഏജൻസികൾ (ഡി.ആർ.ഡി.എ.കൾ) ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കുകയും ഇതിന് പകരമായി ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ ജില്ലാ പഞ്ചായത്തിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു<br>• സ്വർണ്ണജയന്തി ഗ്രാമസരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)<br>• ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)<br>• ഹരിയാലി/സംയോജിത നീർത്തട മാനേജ്മെന്റ് പ്രോഗ്രാം<br>• സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി)<br>• പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)<br>• മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) |
| (ബി) | ജില്ലാ പഞ്ചായത്തുകളും ഡി.ആർ.ഡി.എ. കളും പദ്ധതി പ്രവർത്തനം നടത്തുന്നതിൽ എന്തെങ്കിലും ഏകോപനം ഉണ്ടോ; | (ബി) | ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പദ്ധതികൾ നേരിട്ട് നടപ്പിലാക്കുന്നില്ല. പ്രധാനമന്ത്രി ഗ്രാമസഡക് യോജന ഒഴികെയുള്ള പദ്ധതികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രധാനമന്ത്രി ഗ്രാമസഡക് യോജന ജില്ലാ തലത്തിൽ ഇതിനായി രൂപീകരിച്ച പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേനയുമാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ദാരിദ്ര്യ ലഘൂകരണ /നിർമ്മാർജ്ജന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ് നടത്തുന്നത്. |
| (സി) | നിയമസഭാ സാമാജികർ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ഒരു നിശ്ചിത ശതമാനം തുക നീക്കി വയ്ക്കുന്ന മുൻകാലങ്ങളിലെ രീതി ഇപ്പോൾ തുടരുന്നുണ്ടോ; | (സി) | ഈ രീതി ഇപ്പോൾ നിലവിലില്ല |
| (ഡി) | 2011-12 കാലയളവിൽ തിരുവനന്തപുരം ഡി.ആർ.ഡി.എ.ക്ക് എന്ത് തുകയാണ് പദ്ധതി വിഹിതത്തിൽ കിട്ടിയിട്ടുള്ളത്; | (ഡി) | 2011-12 കാലയളവിൽ തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതമായി 1321.89 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഗ്രാമവികസന വകുപ്പിന് കീഴിലാണോ പഞ്ചായത്ത് വകുപ്പിനു കീഴിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഇ) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഗ്രാമവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത് |
| (എഫ്) | ചിറയിൻകീഴ്, കിളിമാനൂർ ബ്ലോക്കുകളിലെ നിലവിലെ പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളിൽ എം.എൽ.എ. നിർദ്ദേശിച്ച എന്തെങ്കിലും പണികൾ നടക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ? | (എഫ്) | ചിറയിൻകീഴ്, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>• ഇന്ദിരാ ആവാസ് യോജന<br>• സ്വർണ്ണജയന്തി ഗ്രാമസരോസ്ഗാർ യോജന<br>• പ്രധാനമന്ത്രി ഗ്രാമസഡക് യോജന<br>• ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ<br>• മെയിന്റനൻസ് ഗ്രാന്റ്<br><br>ഈ പ്രവർത്തനങ്ങളിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ